(ഡി) പ്രസ്തുത കേസിന്റെ ചുമതലയുള്ള പബ്ലിക് പ്രോസിക്യൂട്ടർ അല്ല പിൻവലിക്കൽ ഹർജി നൽകിയത് എന്ന കീഴ്ക്കോടതിയുടെ തീരുമാനത്തെ ചോദ്യം ചെയ്ത് ക്രിമിനൽ റിവിഷൻ ഹർജി നൽകിയിരുന്നു.

ബാർ കോഴ

310 (320) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാർ വിഷയത്തിൽ ആരോപണവിധേയനായ ബഹു. എക്സൈസ് വകുപ്പുമന്ത്രിക്കെതിരെ ബാർ അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് ബിജു രമേശിന്റെ ആക്ഷേപത്തിന്മേൽ വിജിലൻസ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) തിരുവനന്തപുരം മജിസ്ട്രേറ്റ് കോടതിയിൽ സി.ആർ.പി.സി. 164 പ്രകാരം ബിജുനൽകിയമൊഴി വിജിലൻസ് പരിശോധിക്കുകയുണ്ടായോ ; വിജിലൻസിന് ബഹു. എക്സൈസ് വകുപ്പുമന്ത്രിയെ കറിച്ച് അന്വേഷണം ആവശ്യപ്പെട്ട് ഇതിനകം ലഭിച്ച പരാതികൾ അന്വേഷണ സംഘം പരിശോധിക്കുകയുണ്ടായോ ;

(സി) പരാതികളിൽ ക്വിക് വെരിഫിക്കേഷൻ നടത്താതെ പ്രാഥമികാന്വേഷണം മാത്രം നടത്തുകയുണ്ടായോ ; ഇതിനായി ഉത്തരവ് നൽകിയത് ഹൈക്കോടതിയുടെ പരാമർശങ്ങൾക്കിരയായ വിജിലൻസ് ഡയറക്ടർ ആയിരുന്നോ ; മുൻ ധനകാര്യ മന്ത്രിയുടെ പരാതിയിൽ ക്വിക് വെരിഫിക്കേഷന് ഉത്തരവിട്ടത് ആരായിരുന്നു ;

(ഡി) പ്രാഥമികാന്വേഷണം നടത്തിയ വിജിലൻസ് ഉദ്യോഗസ്ഥർ ആരായിരുന്നു ; അവരുടെ അധികാര പരിധിയിലായിരുന്നോ പരാതി ഉണ്ടായിരുന്നത് ; എന്തെല്ലാം പരാതികളിൽ ആരിൽ നിന്നെല്ലാം തെളിവെടുക്കുകയുണ്ടായി ;

(ഇ) വിജിലൻസ് മാന്വലിലും സുപ്രീംകോടതി നിർദ്ദേശങ്ങളിലും വ്യവസ്ഥ ചെയ്തിരുന്ന ഏത് രീതിയിലുള്ള അന്വേഷണമാണ് ബഹു.എക്സൈസ് മന്ത്രിക്കെതിരെയുണ്ടായ പരാതികളിന്മേൽ നടത്തിയത് ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ബാർ കോഴ വിഷയവുമായി ബന്ധപ്പെട്ട് ശ്രീ. ബിജു രമേശ് ബഹുമാനപ്പെട്ട ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽനൽകിയ Cr.Pc 164 മൊഴിയിൽ എക്സൈസ് വകുപ്പുമന്ത്രി ശ്രീ. ബാബുവിനെതിരെയുള്ള പരാമർശത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഒരു പ്രാഥമിക അന്വേഷണം നടത്തുകയും മതിയായ മെറ്റീരിയൽസ് ഇല്ലാത്തതിനാൽ ടി അന്വേഷണം അവസാനി പ്പിക്കുകയും ചെയ്തു.

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് ഡയറക്ടറുടെ നിർദ്ദേശപ്രകാരം പ്രാഥമികാന്വേഷണമാണ് നടത്തിയത്. മുൻ ധനകാര്യമന്ത്രിക്കെതിരെ പ്രതിക്ഷപ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ പരാതിയിൽ ബാർ കോഴയുമായി ബന്ധപ്പെട്ട് വിജിലൻസ് ഡയറക്ടർ സത്വരാന്വേഷണം നടത്താൻ ഉത്തരവിട്ടിരുന്നു. സത്വരാന്വേഷണത്തിലും പ്രാഥമികാന്വേഷണത്തിലും പേരിലുള്ള വ്യത്യാസം അല്ലാതെ അന്വേഷണരീതിയിൽ മാറ്റമില്ല.

(ഡി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മദ്ധ്യമേഖലാ പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ശ്രീ. എം.എൻ. രമേശ്, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, എറണാകുളം യൂണിറ്റിനായിരുന്നു പ്രസ്തുത അന്വേഷണത്തിന്റെ ചുമതല. ബാറുകൾ എല്ലാ ജില്ലകളിലും ഉള്ളതുകൊണ്ടും ബാർ അസോസിയേഷൻ ഓഫീസ് അവിടെ ആയതുകൊണ്ടും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മദ്ധ്യമേഖലയെക്കൊണ്ട് പ്രാഥമിക അന്വേഷണം നടത്തിയതിൽ അപാകതയില്ല. അതേപോലെ കെ. എം. മാണിയുടെകാര്യത്തിലും സത്വരാന്വേഷണം നടത്തിയത് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ദക്ഷിണമേഖല ആണ്.

(ഇ) ലളിതകുമാരി Vs സ്റ്റേറ്റ് ഓഫ് യു.പി. കേസിൽ സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിലാണ് പ്രാഥമിക അന്വേഷണം നടത്തിയത്. പ്രാഥമികാ ന്വേഷണത്തിലും സത്വരാന്വേഷണത്തിലും പേരിലുള്ള വ്യത്യാസം അല്ലാതെ അന്വേഷണരീതിയിൽ വ്യത്യാസമില്ല.

വിജിലൻസ് അന്വേഷണം

311 (321) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി, അന്വേഷണ ഉദ്യോഗസ്ഥൻ, അന്വേഷണ വിഷയവുമായി ബന്ധപ്പെട്ട മന്ത്രിസഭായോഗത്തിൽനടന്ന ചർച്ചയും നടപടിക്രമങ്ങളും സംബന്ധിച്ച് യോഗത്തിൽ ഹാജരായിരുന്ന മന്ത്രിയോടോ , ചീഫ് സെക്രട്ടറിയോടോ ചോദ്യങ്ങൾ ചോദിക്കുന്നതിനും വസ്തുത മനസ്സിലാക്കുന്നതിനും, എന്തെങ്കിലും നിയമതടസ്സം ഉണ്ടോ ; എങ്കിൽ ഏത് നിയമവ്യവസ്ഥയാണ് തടസ്സമായി നിലനിൽക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) അന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷണ വിഷയവുമായി ബന്ധപ്പെട്ട് ചോദിക്കുന്ന ചോദ്യങ്ങൾക്ക് തങ്ങൾക്കറിയാവുന്നകാര്യങ്ങൾ വെളിപ്പെടുത്താൻ മന്ത്രിമാർക്കും, ചീഫ് സെക്രട്ടറിയ്ക്കും നിയമപരമായ ബാദ്ധ്യതയുണ്ടോ ;

(സി) ബാർ കോഴ കേസിൽ അന്വേഷണ ഉദ്യോഗസ്ഥൻ ആവശ്യപ്പെട്ടതും ഔദ്യോഗിക പദവിയിലിരുന്നുകൊണ്ട് ഞങ്ങൾക്ക് അറിയാവുന്നതുമായ വിവരങ്ങൾ പറയുവാൻ എക്സൈസ് വകുപ്പ് മന്ത്രി ശ്രീ. കെ. ബാബുവും ചീഫ് സെക്രട്ടറിയും വിസമ്മതിച്ചതായി അന്വേഷണ ഉദ്യോഗസ്ഥനായ എസ്.പി. റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ഡി) ഔദ്യോഗിക പദവിയിലിരിക്കുന്നവർ വ്യവസ്ഥാപിതമായ അന്വേഷണവുമായി സഹകരിക്കുന്നതു സംബന്ധിച്ച നയം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കേരള ഗവൺമെന്റിന്റെ ബിസിനസ് റൂൾസ് (റൂൾ 21) അനുസരിച്ച് ക്യാബിനറ്റിനകത്ത് നടന്ന ചർച്ചകൾ വെളിപ്പെടുത്താൻ ആകില്ല എന്ന് പ്രിവിലേജ് സാക്ഷികൾ അന്വേഷണ ഉദ്യോഗസ്ഥന്റെ മുന്നിൽ എടുത്തിരിക്കുന്നത്.

(സി) കേസ് നിലനിൽക്കുന്നതിനാൽ ചോദ്യത്തിൽ പറയുന്നകാര്യങ്ങൾ ഇപ്പോൾ വെളിവാക്കുന്നത് അഭികാമ്യമല്ല.

(ഡി) അന്വേഷണവുമായി പൂർണ്ണമായും സഹകരിക്കുക എന്നതാണ് നയം.

LIBRARY ARCHIVES Kerala Legislative Assembly